LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ വരവ്

57 [3571] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങിയത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ലേലത്തിൽ വിൽക്കുകയുണ്ടായി; വിറ്റതിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് എത്ര തുക ലഭിക്കുകയുണ്ടായി; വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ശരാശരി വരവ്, ശരാശരി ചെലവ് എന്നിവ എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഹന നിർമ്മാതാക്കളായ ടാറ്റാ മോട്ടോഴ്സ്, അശോക് ലൈലന്റ്, ഐഷർ മോട്ടോഴ്സ് എന്നിവയിൽ നിന്നും 121 ബസ്സുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ ടാറ്റാ മോട്ടോഴ്സ്, അശോക് ലൈലന്റ് എന്നീ വാഹന നിർമ്മാതാക്കളിൽനിന്നും വാങ്ങിയ 339 ചേസിസ് താഴെ പറയുന്ന സ്ഥാപനങ്ങളെക്കൊണ്ട് ബസ് ബോഡി നിർമ്മിച്ച് നിരത്തിലിറക്കിയിട്ടുണ്ട്. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 460 ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്.

339 ബസ് ബോഡി നിർമ്മിച്ച സ്ഥാപനങ്ങൾ

1. ടി. വി. എസ്.
2. പോപ്പുലർ മെഗാ മോട്ടോഴ്സ്
3. ഹൈടെക് ആട്ടോക്രാഫ്റ്റ്, ആലപ്പുഴ
4. ഹർഷാ റീൽ മൂവേഴ്സ്, ബാംഗ്ലൂർ
5. റായൽ എഞ്ചിനീയറിംഗ് കമ്പനി, കരൂർ, തമിഴ്നാട്
6. ശക്തി കോച്ചു ബിൽഡേഴ്സ്, പാലക്കാട്
7. സെന്റർ വർക്സ്, കെ.എസ്.ആർ.ടി.സി., പാപ്പനംകോട്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 81 ബസ്സുകൾ ലേലത്തിൽ വിൽക്കുകയുണ്ടായി. വിറ്റതിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് 44,14,395 രൂപ ലഭിക്കുകയുണ്ടായി. ശരാശരി ഒരു ബസ്സിന് 54,499 രൂപ ലഭിക്കുകയുണ്ടായി.

(സി) വിവരം ശേഖരിച്ചുവരുന്നു.